# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 5 (COMPETITIVEEXAM 2025)

**1) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) കുഞ്ഞിനെ ഫറവോൻ ഒരു പെട്ടിയിൽ ഒളിപ്പിച്ചു.**
B) യഹൂദരുടെ ആൺകുഞ്ഞുങ്ങളെ കൊന്നുകളയുവാൻ ഫറവോൻ കൽപ്പിച്ചു.
C) മോശയെ രക്ഷിക്കുവാൻ മാതാപിതാക്കൾ ആഗ്രഹിച്ചു.
D) നൈൽ നദിയിലെ പെട്ടകത്തിൽ നിന്നും മോശയെ കൊട്ടാരത്തിലേക്ക് ഫറവോന്റെ പുത്രി കൊണ്ടുവന്നു.

**2) മോശയ്ക്ക് ആവശ്യമായ പരിജ്ഞാനവും വിവേകവും നേതൃത്വപാടവവും ലഭിച്ചത് എവിടെ വസിച്ചതിൽ നിന്നുമാണ്?**
**A) ഈജിപ്റ്റിലെ കൊട്ടാരം.**
B) പാലസ്തീനിലെ യാത്ര.
C) കനാൻ ദേശത്തിലേക്കുള്ള യാത്ര.
D) ഈജിപ്റ്റിലെ സൈനിക സേവനം.

**3) മോശ കണ്ട ദർശനത്തെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) മോശ കണ്ട മുൾപടർപ്പ് വെന്തു ചാരമായിപ്പോയി.**
B) മോശ ആടുകളെ മേയിക്കുകയായിരുന്നു.
C) മുൾപടർപ്പിൽ തീ കത്തുന്നത് മോശ കണ്ടു.
D) മുൾപ്പടർപ്പിന്റെ നടുവിൽ നിന്നും മോശെ, മോശെ എന്ന് വിളി കേട്ടു.

**4) ഫറവോന്റെ മുൻപാകെ ചെല്ലുന്നതിൽ നിന്നും തന്നെ ഒഴിവാക്കണം എന്ന് മോശ ആവശ്യപ്പെട്ടതിന്റെ കാരണം?**
**A) വാക്ക് സാമർത്ഥ്യമില്ല.**
B) ബന്ധുക്കളുടെ പിന്തുണയില്ല.
C) വിദ്യാഭ്യാസമില്ല.
D) ഫറവോന്റെ മകളുടെ വളർത്തുപുത്രനായിരുന്നു എന്ന അപകർഷതാബോധം.

**5) ആരുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയായിരുന്നു പത്തു ബാധകൾ?**
**A) ഫറവോന്റെയും അവന്റെ ദേവന്മാരുടെയും.**
B) കനാൻ ദേശക്കാർ.
C) ഫറവോന്റെ കൊട്ടാരത്തിൽ ജോലിചെയ്യുന്ന യഹൂദന്മാർ.
D) ഇവയെല്ലാം ശരിയാണ്.

**6) ഈജിപ്റ്റുകാരെ ബാധിച്ച ബാധകളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) പ്രളയം**
B) നായീച്ച
C) കഠിനമായ കൽമഴ
D) കൂരിരുട്ട്

**7) പെസഹാ പെരുന്നാൾ ആചരിക്കുന്നത് സംബന്ധിക്കുന്ന ശരിയായ പരാമർശം തെരഞ്ഞെടുക്കുക.**
**A) ആബീബ് മാസം ഒന്നാം തീയതി ആചരിക്കുന്നു.**
B) പതിനാലാം തീയതി രാവിലെ ആട്ടിൻകുട്ടിയെ അറക്കുന്നു.
C) ഊനമുള്ള ആട്ടിൻകുട്ടി അറക്കുന്നു.
D) തയ്യാറാക്കിയ മാംസം മധുരക്കിഴങ്ങിനൊപ്പം തിന്നണം.

**8) ഈജിപ്റ്റിൽ നിന്നും വാഗ്ദത്ത ദേശമായ കനാനിലേക്ക് മോശയുടെ നേതൃത്വത്തിൽ യാത്രയായത് എത്ര പുരുഷൻമാർ?**

**<u>A) 6 ലക്ഷം</u>**
B) 1 ലക്ഷം
C) 8 ലക്ഷം
D) പുരുഷന്മാർ പോയില്ല.

**9) മാറായിൽ വച്ച് കൈപ്പുള്ള ജലം മധുരമായിത്തീർന്നത് എങ്ങനെ?**

**<u>A) ദൈവം കാണിച്ചുകൊടുത്ത ഒരു വൃക്ഷം വെട്ടി വെള്ളത്തിലിട്ടു.</u>**
B) ജലത്തെ തടഞ്ഞുവെച്ചു.
C) ജലത്തിൽ ഉപ്പിട്ട് ശുദ്ധീകരിച്ചു.
D) യോർദാൻ നദിയിൽ നിന്നുള്ള ജലം മാറായിലേക്ക് ഒഴുക്കി.

**10) യഹോവയുടെ കല്പനപ്രകാരം സാക്ഷ്യപെട്ടകത്തിൽ ഒരിടങ്ങഴി മന്ന സൂക്ഷിച്ചത് എന്തിന്?**

**<u>A) തലമുറകൾക്ക് സാക്ഷ്യത്തിനായി.</u>**
B) നശിച്ചുപോകാതെയിരിക്കാൻ.
C) ദിവസവും ജനത്തെ കാണിക്കുന്നതിന്.
D) ഇവയെല്ലാം ശരിയാണ്.

**11) വാഗ്ദത്ത ദേശമായ കനാനിലേക്കുള്ള യാത്രയിൽ ജനത്തിന് ന്യായപാലനം ചെയ്യുവാൻ എത്ര പുരുഷന്മാരെ തിരഞ്ഞെടുത്തു?**

**<u>A) 70</u>**
B) 100
C) 1000
D) 7

**12) താഴെപ്പറയുന്നവയിൽ യേശു പറഞ്ഞ ഉപമകളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**

**<u>A) കൊടുങ്കാറ്റിന്റെ ഉപമ.</u>**
B) നല്ല ശമര്യാക്കാരന്റെ ഉപമ.
C) കാണാതെ പോയ ആടിന്റെ ഉപമ.
D) മുടിയനായ പുത്രന്റെ ഉപമ.

**13) "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനു ചെവി കൊടുപ്പിൻ" എന്ന് അരുളപ്പാട് ഉണ്ടായ സന്ദർഭം ഏതാണ്?**

**<u>A) യേശുവിന്റെ തേജസ്കരണം</u>**
B) യേശുവിന്റെ മാമോദീസാ
C) യേശുവിന്റെ കുരിശിൽ നിന്നുള്ള വിലാപം
D) യേശുവിന്റെ ഗത്സമനയിലെ പ്രാർത്ഥന

**14) കർത്തൃപ്രാർത്ഥനയിലെ ആദ്യത്തെ മൂന്ന് അപേക്ഷകളിൽ ഉൾക്കൊള്ളുന്ന ആശയം എന്താണ്?**

**<u>A) യേശുവിന്റെ രണ്ടാമത്തെ വരവിങ്കൽ പൂർണ്ണമാകുന്ന ദൈവരാജ്യം.</u>**
B) എല്ലാ ദിവസവും ആവശ്യമായ ആഹാരം നൽകണം.
C) എല്ലാവരുടെയും പാപങ്ങൾ മോചിക്കണം.
D) നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടാൻ എല്ലാവരോടും ക്ഷമിക്കണം.

**15) കർത്തൃ പ്രാർത്ഥനയിലെ "ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം ഇന്ന് തരേണമേ" എന്ന് അപേക്ഷയിൽ ഉൾക്കൊള്ളുന്ന ആശയത്തിൽ ഉൾപ്പെടാത്തത് ഏതാണ്?**

**<u>A) എല്ലാ ദിവസത്തെയും ആവശ്യം സമൂഹം നോക്കിക്കൊള്ളും.</u>**

B) നാളത്തേത് ദൈവം നോക്കിക്കൊള്ളും.
C) അത്യാഗ്രഹം പാടില്ല.
D) ആവശ്യങ്ങൾക്ക് ഉപരിയായ സുഖലോലുപത പാപമാണ്.

**16) വിശുദ്ധ കുർബാനയിലെ ഏതു പ്രാർത്ഥനയുടെ പ്രാരംഭത്തിലാണ് "ശരീര വിശുദ്ധിയോടും നിർമ്മല നാവോടും ആത്മധൈര്യത്തോടും കൂടെ നിന്നുകൊണ്ട് പ്രാർത്ഥിക്കണം" എന്ന് പുരോഹിതൻ ആഹ്വാനം ചെയ്യുന്നത്?**
**A) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.**
B) നിൻ മാതാവ് വിശുദ്ധന്മാർ.
C) വിശ്വാസപ്രമാണം.
D) സ്ഥാപന വചനങ്ങൾ.

**17) താഴെപ്പറയുന്നവയിൽ നിന്നും നല്ല ഇടയന്റെ സ്വഭാവ സവിശേഷത അല്ലാത്തത് തെരഞ്ഞെടുക്കുക.**
**A) ഇടയന്റെ സാന്നിധ്യം നമുക്ക് ഭയമുണ്ടാക്കും.**
B) ഇടയൻ നമ്മെ സംരക്ഷിക്കുന്നു.
C) ഇടയൻ നിത്യം വഴി നടത്തുന്നു.
D) ശത്രുവിന്റെ കൈകളിൽ നിന്നും ഇടയൻ വിടുവിക്കുന്നു.

**18) താഴെപ്പറയുന്നവയിൽ നിന്നും യേശുവിന്റെ ഏഴ് "ഞാൻ ..... ആകുന്നു" വചനങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) ഞാൻ ആശ്വാസപ്രദനാകുന്നു.**
B) ഞാൻ വാതിൽ ആകുന്നു.
C) ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.
D) ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു.

**19) ഗിരിപ്രഭാഷണത്തിലെ പരാമർശ വിഷയങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) താലന്തുകളുടെ സവിശേഷത.**
B) ശരീരത്തിലും മനസ്സിലും വിശുദ്ധി കാത്തുസൂക്ഷിക്കുക.
C) ആത്മാർത്ഥമായ പ്രാർത്ഥന അനിവാര്യമാണ്.
D) അന്യരെ നാം വിധിക്കരുത്.

**20) 'നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു' എന്ന് യേശുവിന്റെ വാക്കുകൾ നൽകുന്ന പ്രധാന സന്ദേശം എന്താണ്?**
**A) നമ്മുടെ ജീവിതം അനേകർക്ക് ഗുണപ്രദമാകണം.**
B) നമ്മൾ വിലയുള്ളവരാണ്.
C) നാം വിലയില്ലാത്തവരാണ്.
D) നമുക്ക് സ്വർഗ്ഗരാജ്യാനുഭവം സാധ്യമാണ്.

**21) നാം ദേവാലയത്തിലേക്ക് പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം ശരിയാണ്.**
B) കുരിശു വരച്ചു കൊണ്ട് പ്രവേശിക്കുക.
C) ധ്യാനപൂർവ്വം പ്രാർത്ഥന ചൊല്ലുക.
D) നേർച്ച കാഴ്ചകളോടെ പ്രവേശിക്കുക.

**22) "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം" എന്ന പരാമർശത്തിലെ 'മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം' എന്നതിൽ 'ശബ്ദം' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?**
**A) ദൈവവചനം**
B) പരിശുദ്ധ സഭ
C) പരിശുദ്ധാത്മാവ്

D) ദൈവജനം

**23) വിശുദ്ധ കുർബാനയിലെ വേദവായനകളുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**A) പുതിയനിയമത്തിൽ നിന്നുള്ള വായനകൾ കുർബാന പരസ്യമായി ആരംഭിക്കുന്നതിന് മുൻപ് അവസാനിപ്പിക്കുന്നു.**

B) അപ്പോസ്തോലിക സഭയുടെ പഠിപ്പിക്കലുകളും ആരാധനാരീതിയും നാം പുതിയനിയമ ഭാഗങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നു .

C) സഭ പാലിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ ശ്ലീഹന്മാരുടെ ലേഖനങ്ങളിൽ കാണുന്നു.

D) യേശു ദൈവപുത്രൻ ആകുന്നു എന്ന് പുതിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ സഭ മനസ്സിലാക്കുന്നു.

**24) 'ഹാബ്ബീബായ്', 'ആഹായ്' എന്നീ വാക്കുകൾ വിശുദ്ധ കുർബാനയിലെ ഏത് സന്ദർഭത്തിലാണ് ശുശ്രൂഷകൻ പറയുന്നത്?**

**A) ശ്ലീഹാവായന**

B) പഴയനിയമ വായന

C) ഏവൻഗേലിയോൻ

D) സെദറാ

**25) തന്നിരിക്കുന്നവയിൽ പ്രഭാത നമസ്കാരത്തിലെ പ്രാർത്ഥന ഏതാണ്?**

**A) കർത്താവിനെ സ്തോത്രം ചെയ്യുന്നതും...**

B) മഹോന്നതനായ കർത്താവേ, നിന്റെ കരുണയുടെ ചിറകിൻകീഴിൽ...

C) അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ...

D) ത്രിത്വത്തിന് സ്തുതി...

**26) 'ജാതികളുടെ അപ്പോസ്തോലൻ' എന്നറിയപ്പെടുന്നത് ആരാണ്?**

**A) പൗലോസ് ശ്ലീഹാ**

B) പത്രോസ് ശ്ലീഹാ

C) വിശുദ്ധ മർക്കോസ്

D) വിശുദ്ധ ലൂക്കോസ്

**27) വിശുദ്ധ യോഹന്നാന്റെ സുവിശേഷം ആറാം അധ്യായത്തെ ആസ്പദമാക്കിയുള്ള ഒരു ഗീതം ഏതാണ്?**

**A) കർത്താവരുളിച്ചെയ്തു, ഞാൻ ജീവന്റെ അപ്പം.**

B) നിബിയന്മാരും ജാതികളോടെവൻഗേലിയോൻ.

C) ജനനി പരിശുദ്ധാ - പ്രാർത്ഥനയായി നാഥാ.

D) മാതാവും ശുദ്ധന്മാരും അർപ്പിക്കും.

**28) 'കർത്താവരുളിച്ചെയ്തു, ഞാൻ ജീവന്റെ അപ്പം' എന്ന ഗീതത്തിൽ പരാമർശിക്കുന്ന വിഷയങ്ങൾ എന്തെല്ലാം?**

**A) ഇവയെല്ലാം ശരിയാണ്.**

B) വിശുദ്ധ കുർബാനയുടെ ശ്രേഷ്ഠത.

C) വിശുദ്ധ കന്യകമറിയാമിന്റെ മഹത്വം.

D) യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം.

**29) അപ്പോസ്തോലിക സഭയുടെ പ്രത്യേകതകളിൽ ഉൾപ്പെടാത്തത് ഏതാണ്?**

**A) യഹൂദന്മാരിൽ മാത്രം ശ്രദ്ധിച്ചു.**

B) അപ്പോസ്തലന്മാരുടെ ഉപദേശം സ്വീകരിക്കുവാൻ താല്പര്യം കാണിച്ചു.

C) കൂട്ടായ്മ ആചരിക്കുന്നതിനു ഉത്സാഹിച്ചു.

D) വിശുദ്ധ കുർബാനയ്ക്ക് പ്രധാനസ്ഥാനം നൽകി.

**30) ആദിമ ക്രിസ്ത്യാനികൾ ഭവനങ്ങളിൽ ആരാധനയ്ക്കായി കൂടി വരുന്നതിനിടയാക്കിയ സാഹചര്യം എന്താണ്?**

**A) യഹൂദന്മാരുടെ സിനഗോഗു കളിൽ ആരാധിക്കുന്നതിന് പ്രതിസന്ധി നേരിട്ടു.**
B) എല്ലാവർക്കും കൂടിവരുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമായിരുന്നില്ല.
C) ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ റോമൻ സാമ്രാജ്യത്തിലെ ഭരണകൂടം ശ്രമിച്ചത് ഭയമുണ്ടാക്കി.
D) ഇവയൊന്നും ശരിയല്ല.

**31) മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിലെക്ക് കടന്നുവന്നു എന്നതിനെ സംബന്ധിക്കുന്ന രണ്ട് പ്രബല പാരമ്പര്യങ്ങൾ ഏതെല്ലാമാണ് എന്ന് തെരഞ്ഞെടുക്കുക.**
**i. ദക്ഷിണേന്ത്യൻ**
**ii. ഉത്തരേന്ത്യൻ**
**iii. അന്ത്യോഖ്യൻ**
**iv. റോമൻ**
**A) i, ii**
B) i, iii
C) i, iv
D) ii, iv

**32) മാർത്തോമ്മാ ശ്ലീഹാ മലങ്കര സഭ സ്ഥാപിച്ചു എന്നതിനെ സംബന്ധിച്ച് പരാമർശിക്കുന്ന പുരാതന ഗാനങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) ഭാരതപ്രവേശന പാട്ട്**
B) തോമ്മാ പർവ്വം
C) മാർഗംകളി പാട്ട്
D) വില്ലടിച്ചാൻ പാട്ട്

**33) വെളിപ്പാട് പുസ്തകത്തിൽ പരമർശിക്കുന്ന സ്വർഗ്ഗത്തിലെ 24 മൂപ്പന്മാർ ആർത്തു വിളിക്കുന്ന പ്രാർത്ഥന ഏതാണ്.**
**A) സർവ്വശക്തനായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.**
B) സർവ്വശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.
C) പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
D) ദൈവമായ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ.

**34) താഴെപ്പറയുന്നവയിൽ വാങ്ങിപ്പോയവരെ കുറിച്ച് പരാമർശിക്കുന്ന ഗീതം തിരഞ്ഞെടുക്കുക.**
**A) രക്ഷകനെ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ.**
B) യാചിക്കേണ്ടും സമയമിതാ.
C) അൻപുടയോനേ നിൻ വാതിൽ.
D) അന്യോന്യം ശ്ലോമോ നൽകിൻ.

**35) 'വിശ്വാസികൾ തനിക്കുവേണ്ടിയും പ്രാർത്ഥിക്കണമേ' എന്ന് പുരോഹിതൻ ജനങ്ങളോട് അഭ്യർത്ഥിക്കുന്ന സന്ദർഭം ഏതാണ്?**
**A) വിശുദ്ധ കുർബാനയുടെ അവസാനം യാത്ര ചോദിക്കുമ്പോൾ.**
B) ഏവൻഗേലിയോൻ വായനയുടെ വേളയിൽ.
C) കർത്തൃപ്രാർത്ഥന ചൊല്ലുമ്പോൾ.
D) സ്ഥാപനവചനങ്ങൾ ചൊല്ലുമ്പോൾ.

**36) വിശുദ്ധ കുർബാനയിലെ നമ്മുടെ പങ്കാളിത്തം പൂർണ്ണമാകുന്നത് എപ്പോഴാണ്?**
**A) വിശുദ്ധ കുർബാന സ്വീകരിച്ചു കഴിയുമ്പോൾ.**
B) യാമനമസ്കാരം പൂർത്തീകരിക്കുമ്പോൾ.
C) സമാധാനചുംബനം നൽകുമ്പോൾ.
D) രാവിലെ നേരത്തെ എഴുന്നേൽക്കുമ്പോൾ.

**37) വിശുദ്ധ കുർബാന ചൊല്ലുന്ന സ്ഥലത്തെ സംബന്ധിക്കുന്ന പൗരസ്ത്യ സഭകളുടെ പ്രധാന നിർബന്ധം എന്താണ്?**

**A) മനോഹരമായി ക്രമീകരിക്കണം.**

B) വിലപിടിപ്പുള്ള വസ്തുക്കൾ മാത്രം ഉപയോഗിക്കണം.

C) വിദേശനിർമ്മിത വസ്തുക്കൾ മാത്രം ഉപയോഗിക്കണം.

D) അലക്ഷ്യമായി വസ്തുക്കൾ കൈകാര്യം ചെയ്യണം.

**38) വിശ്വാസികൾ എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടുന്ന ആരാധനാ സന്ദർഭം ഏതാണ്?**

**A) ഞായറാഴ്ചയിലെ വിശുദ്ധ കുർബാന.**

B) പ്രദക്ഷിണങ്ങൾ.

C) തീർത്ഥാടനങ്ങൾ.

D) ആഘോഷങ്ങൾ

**39) ദൈവമാതാവിനോട് ഗബ്രിയേൽ ദൂതൻ സന്ദേശം അറിയിച്ചത് ഓർക്കുന്ന ഞായറാഴ്ച ഏതാണ്?**

**A) ജനന പെരുന്നാളിന് അഞ്ച് ആഴ്ച്ച മുൻപുള്ള ഞായർ.**

B) പെന്തിക്കോസ്തി പെരുന്നാളിന് ശേഷമുള്ള ഞായർ.

C) ദനഹാ പെരുന്നാളിന് രണ്ട് ആഴ്ച്ച മുൻപുള്ള ഞായർ.

D) കൂദോശ് ഈത്തോ ഞായർ.

**40) പെരുന്നാളും അത് ആചരിക്കുന്ന നിശ്ചിത തീയതിയും നൽകിയിരിക്കുന്നു. തെറ്റായ ജോഡി തെരഞ്ഞെടുക്കുക.**

**A) സൂലോക്കോ - മെയ് 8**

B) യൽദോ - ഡിസംബർ 25

C) മായൽത്തോ - ഫെബ്രുവരി 2

D) സൂബോറോ - മാർച്ച് 25

**41) അർത്ഥവത്തായി കൂദാശകളിൽ പങ്കുചേരുന്നത് വഴി ലഭിക്കുന്ന പ്രയോജനം എന്താണ്?**

**A) ആത്മീയ പുരോഗതി നേടാം.**

B) എല്ലാവരെയും പരിചയപ്പെടാം.

C) സാമ്പത്തിക പുരോഗതി നേടാം.

D) ഇവയെല്ലാം ശരിയാണ്.

**42) കൂദാശകളും അതിന്റെ വേദപുസ്തക റഫറൻസും നൽകിയിരിക്കുന്നു. ശരിയായ ജോഡി തെരഞ്ഞെടുക്കുക.**

**A) കുമ്പസാരം - വി. യോഹന്നാൻ 20:23**

B) വി. കുർബാന - വി. യോഹന്നാൻ 8:48-51

C) പൗരോഹിത്യം - അപ്പോസ്തോല പ്രവർത്തികൾ 13:23

D) വിവാഹം - വി. മത്തായി 18:2-9

**43) ബന്ധുക്കളെയും സ്നേഹിതരെയും ഉപേക്ഷിച്ച് യേശുവിനായി ജീവിച്ച് രക്തസാക്ഷികളായവർ അറിയപ്പെടുന്നത് എങ്ങനെ?**

**A) സഹദേന്മാർ**

B) പരീശന്മാർ

C) ഈഹീദായക്കാർ

D) മാംദാനാമാർ

**44) ഏത് റോമൻ ചക്രവർത്തിയുടെ ഭരണകാലയളവിലാണ് ഗീവർഗീസ് സഹദാ രക്തസാക്ഷി മരണം പ്രാപിച്ചത്?**

**A) ഡയോക്ലീഷൻ**

B) നീറോ
C) ഡീഷ്യൻ
D) അഗസ്റ്റോസ്

**45) യേശുവിന്റെ വളർത്തു പിതാവായ യൗസേഫ് ഏത് ഗോത്രത്തിൽ ഉൾപ്പെട്ട വ്യക്തിയാണ്?**
**A) യഹൂദ**
B) ലേവി
C) ആശേർ
D) ഗാദ്

**46) യേശുവിന്റെ ബാല്യകാലത്തെ സംബന്ധിക്കുന്ന പരാമർശങ്ങളിൽ ശരിയായത് തിരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം ശരിയാണ്.**
B) യൗസേഫും മറിയാമും ആണ്ടുതോറും പെരുന്നാളിന് പോകുമായിരുന്നു.
C) പെരുന്നാളിന്റെ തിരക്കിൽ യേശുവിനെ ശ്രദ്ധിക്കാതെ മാതാപിതാക്കൾ തിരികെ പോയി.
D) മാതാവിന്റെ കൂടെ യേശു കാണും എന്ന് യൗസേഫ് കരുതി.

**47) ചെറുപ്രായത്തിൽ ഭവനാന്തരീക്ഷത്തിൽ നിന്നും നാം പരിശീലിക്കേണ്ടത് തെരഞ്ഞെടുക്കുക.**
**A) മര്യാദപൂർവ്വമായ പെരുമാറ്റം.**
B) സാമ്പത്തിക നേട്ടത്തിനുള്ള പ്രോത്സാഹനം.
C) എല്ലാവരെയും നിയന്ത്രിക്കാനുള്ള പാടവം.
D) എല്ലാവരെയും സംശയത്തോടെ കാണുന്നതിനുള്ള രീതി.

**48) ദൈവവചനം കേൾക്കുന്നതിനും സന്തോഷത്തോടെ ശുശ്രൂഷിക്കുന്നതിനും താല്പര്യം കാണിച്ചിരുന്നതായി വേദപുസ്തകത്തിൽ പരാമർശിക്കുന്ന ഭവനം ആരുടേത്?**
**A) ബഥാന്യയിലെ ലാസറിന്റെ കുടുംബം.**
B) അനന്യാസിന്റെയും സഫീറയുടെയും കുടുംബം.
C) ആഹാബിന്റെയും ഇസബേലിന്റെയും കുടുംബം.
D) ഇവയെല്ലാം ശരിയാണ്.

**49) അനേകം കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട വ്യക്തികൾ പാലിക്കേണ്ട ചിട്ട എന്താണ്?**
**A) ഓരോ ജോലിക്കും പ്രത്യേക സമയം നിശ്ചയിക്കുക.**
B) ഓരോ കാര്യവും അശ്രദ്ധമായി നിർവഹിക്കുക.
C) എല്ലാം വൈകി മാത്രം ചെയ്യുക.
D) സ്വയമായി ചെയ്യില്ല എങ്കിലും ആരെങ്കിലും ചെയ്യും എന്ന് പ്രതീക്ഷിക്കുക.

**50) താലന്തുകളുടെ ഉപമയിൽ കൂടി യേശു പഠിപ്പിച്ച ആശയം എന്താണ്?**
**A) ലഭിച്ചതിനെ വർധിപ്പിക്കുക.**
B) ലഭിച്ചത് ആർക്കും പങ്കുവയ്ക്കരുത്.
C) എല്ലാം സ്വന്തം നേട്ടത്തിന് ഉപയോഗിക്കുക.
D) ലഭിച്ചതെല്ലാം സ്വന്തം ആവശ്യത്തിന് ഉപയോഗിച്ച ശേഷം ദൈവത്തിനു സമർപ്പിക്കുക.